

# സമ്പൂർണ്ണകൃതികൾ: ഭാഗം VIII

കെ. ദാമോദരൻ



## 6. ഗോത്രഭരണത്തിൽ നിന്ന് രാജവാഴ്ചയിലേക്ക്

## സമ്പൂർണ്ണകൃതികൾ: ഭാഗം VIII

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


6 ഗോത്രഭരണത്തിൽ നിന്ന് രാജവാഴ്ചയിലേക്ക് 1

1 ഉൽപ്പന്നങ്ങളുടെ കൈമാറ്റം . . . . . 2

2 ഭരണകൂടത്തിന്റെ ഉത്ഭവം . . . . . . 3

3 സംഘകൃതികളിൽ നിന്നുള്ള തെളിവുകൾ 4

4 രാജവാഴ്ചയുടെ ചില സവിശേഷതകൾ 5

# 6

# ഗോത്രഭരണത്തിൽ നിന്ന് രാജവാഴ്ചയിലേക്ക്

കവിതയെഴുതുമ്പോൾ സാമൂഹ്യമായ ചുറ്റുപാടുകളേയും ജനങ്ങളുടെ ജീവിതരീതികളേയും പ്രകൃതിയുടെ രൂപവൈവിധ്യങ്ങളേയും കണക്കിലെടുക്കണമെന്ന് പ്രാചീന സാഹിത്യകാരൻമാർക്ക് നിഷ്കർഷയുണ്ടായിരുന്നു. ഇതിനുവേണ്ടി അവർ ദക്ഷിണേന്ത്യയിലെ ജനവാസയോഗ്യമായ ഭൂമിയെ കുറിഞ്ചി (പർവ്വതപ്രദേശം), മുല്ലൈ (കാട്ടുപ്രദേശം), പാലൈ (മണൽക്കാട്), മരുതം (നാട്ടുപ്രദേശം), നെയ്തൽ (കടൽത്തീരം) എന്നിങ്ങനെ അഞ്ചു തിണകളായി തരംതിരിച്ചിരുന്നു. ഓരോ തിണയ്ക്കും അതിൻറേതായ പ്രത്യേകതകളുണ്ട്; പ്രത്യേകമായ വിളകളും, പക്ഷിമൃഗാദികളും വൃക്ഷലതാദികളുമുണ്ട്; പ്രത്യേകമായ ജനവിഭാഗങ്ങളും ജീവിതരീതികളുമുണ്ട്. ഉദാഹരണത്തിന് കുറിഞ്ചി പ്രദേശത്ത് കിളി, മയിൽ തുടങ്ങിയ പക്ഷികളും, ആന, കരടി, പുലി, സിംഹം മുതലായ മൃഗങ്ങളും തേക്ക്, ചന്ദനം, മുള തുടങ്ങിയ വൃക്ഷങ്ങളും മലനെല്ല്, മുളയിരി, തിന തുടങ്ങിയ ധാന്യങ്ങളുമാണുണ്ടായിരുന്നതെങ്കിൽ മുല്ലപ്രദേശത്ത് കാട്ടുകോഴി തുടങ്ങിയ പക്ഷികളും മാൻ, മുയൽ തുടങ്ങിയ മൃഗങ്ങളും, കൊന്ന തുടങ്ങിയ വൃക്ഷങ്ങളും ചാമ, മുതിര, രാഴി തുടങ്ങിയ ധാന്യങ്ങളുമാണുണ്ടായിരുന്നത്.

ജനങ്ങളുടെ സ്ഥിതിയിലും വ്യത്യാസങ്ങൾ കാണാം. ഓരോ തിണയിലും പ്രത്യേകമായ ജനവിഭാഗങ്ങളും അവർക്ക് പ്രത്യേകമായ തൊഴിലുകളുമുണ്ട്. കുറിഞ്ചിയിൽ കുറവർ, കാനവർ, കുറത്തിയാൽ മുതലായവരാണുള്ളത്. അവരുടെ തലവൻമാർ പൊരുപ്പൻ, വെർപ്പൻ, ചിലമ്പൻ മുതലായ പേരുകളിലറിയപ്പെടുന്നു. തേനുണ്ടാക്കലാണ് കുറവരുടെ ഒരു പ്രധാന ജോലി. പാലയിൽ മറവരും വേടരും വഴിപോക്കരെ കൊള്ളയടിക്കുന്ന എയിനരുമുണ്ട്. ആടുമാടുകളെ പോറ്റിവളർത്തുന്ന ഇടയർ, ഇടൈച്ചിയർ, ആയർ, ആയ്ച്ചിയർ എന്നിവരാണ് മുല്ലയിലെ ജനങ്ങൾ. മരുതത്തിൽ കൃഷിപ്രവൃത്തിയിലേർപ്പെട്ട ഉഴവരും, നെയ്തലിൽ മീൻപിടുത്തം ഉപ്പുവിളയിക്കൽ മുതലായ തൊഴിലുകളിലേർപ്പെട്ട പരതർ, പരത്തിയർ, നുളൈയർ, നുളൈത്തിയർ, അളവർ, അളത്തിയർ എന്നിവരുമാണുള്ളത്. ഇങ്ങനെ പല ദേശങ്ങളിലായി ഒട്ടനവധി ഗോത്രസമുദായങ്ങൾ ജീവിച്ചിരുന്നു. വ്യത്യസ്ത തിണകളിലെ ജനങ്ങൾക്ക് വ്യത്യസ്തങ്ങളായ ദൈവങ്ങളും വ്യത്യസ്തങ്ങളായ ആചാരങ്ങളും വ്യത്യസ്തങ്ങളായ വിശ്വാസങ്ങളുമുണ്ടായിരുന്നു.

എന്നാൽ ഇത് കേവലം കാലപരമോ ഭൂമിശാസ്ത്രപരമോ ആയ ഒരു വിഭജനം മാത്രമല്ല, മനുഷ്യസമുദായത്തിന്റെ പരിണാമത്തിലെ വ്യത്യസ്തഘട്ടങ്ങളെക്കുറിക്കുന്ന വിഭജനം കൂടിയാണ്. ഏറ്റവും പ്രാചീനമായ കാലത്തെ പ്രാകൃത ഗോത്രസമുദായങ്ങൾ കുറിഞ്ചി പ്രദേശത്തും പാലൈ പ്രദേശത്തുമാണ് ജീവിച്ചിരുന്നത്. കായ്കനികളും തേനും, മുളയരി, തിന തുടങ്ങിയ ധാന്യങ്ങളും മൃഗങ്ങളെ വേട്ടയാടി സമ്പാദിക്കുന്ന മാംസവും ഭക്ഷിച്ചുകൊണ്ടാണ് അവർ ജീവിച്ചുപോന്നത്, എന്നാൽ വില്ലമ്പുമുപയോഗിച്ച് മൃഗങ്ങളെ പിടിച്ചുമെരുക്കാൻ തുടങ്ങിയപ്പോൾ അവരുടെ മുഖ്യമായ തൊഴിൽ കന്നുകാലികളെ മേയ്ക്കലായിത്തീർന്നു. ആയർ, ഇടയർ തുടങ്ങിയ ജനവിഭാഗങ്ങൾക്കു പറ്റിയ പ്രദേശമായിരുന്നു മുല്ല. ക്രമത്തിലവർ തങ്ങളുടെ ആയുധോപകരണങ്ങളെ കൂടുതൽ പരിഷ്കരിക്കുകയും നെല്ലും മറ്റും കൃഷിചെയ്യാൻ പഠിക്കുകയും ചെയ്തു. ഈ ഘട്ടത്തിലാണത്രേ അവർ മരുപ്രദേശങ്ങളിലും നെയ്തൽപ്രദേശങ്ങളിലും സ്ഥിരവാസമുറപ്പിച്ചത്.

എന്നാൽ അതോടെ കുറിഞ്ചി പ്രദേശങ്ങളിലും പാലൈ പ്രദേശങ്ങളിലും മനുഷ്യവാസമില്ലാതായി എന്നു ധരിക്കരുത്. കൂടുതൽ പരിഷ്കരിച്ച ജനവിഭാഗങ്ങൾ കൃഷിയിലേർപ്പെട്ടപ്പോൾ അത്ര തന്നെ പരിഷ്കരിക്കാത്തവർ ഇടയവൃത്തിയിലും വേടവൃത്തിയിലും കഴിച്ചുകൂട്ടുന്നുണ്ടായിരുന്നു. വിന്ധ്യാപർവ്വതനിരകൾക്കും കന്യാകുമാരിക്കുമിടയിലും അറബിക്കടലിനും ബംഗാൾ ഉൾക്കടലിനുമിടയിലുമായി സാമൂഹ്യപരിണാമത്തിന്റെ വ്യത്യസ്തഘട്ടങ്ങളിലെത്തിയവരും വ്യത്യസ്തങ്ങളായ ഉപജീവനമാർഗങ്ങളെ ആശ്രയിക്കുന്നവരുമായ വിവിധ ജനവിഭാഗങ്ങൾ നിവസിച്ചിരുന്നു. സംഘംകൃതികളിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള വ്യത്യസ്ത ജനവിഭാഗങ്ങളുടെ ഉൽപ്പാദനസമ്പ്രദായങ്ങളേയും ജീവിതരീതികളേയും സൂക്ഷ്മമായി പരിശോധിച്ചാൽ സാമ്പത്തിക വർഗ്ഗങ്ങളും ഭരണകൂടങ്ങളുമില്ലാത്ത പ്രാകൃതഗോത്രസമുദായത്തിന്റെ പല സവിശേഷതകളും കണ്ടെത്താൻ കഴിയും.

ഗോത്രസമുദായ വ്യവസ്ഥയിലെ സമത്വവും സഹകരണവും ഭ്രാതൃത്വവും ജനാധിപത്യവുമെല്ലാം ഗോത്രത്തിനുള്ളിൽ മാത്രം ഒതുങ്ങിനിൽക്കുന്നവയായിരുന്നു. കുലത്തിനു പുറത്തുള്ളതെന്തും ഗോത്രനിയമങ്ങൾക്കതീതമായിരുന്നു. മാത്രമല്ല, ഈ സാഹചര്യത്തിൽ കുലവും കുലവും തമ്മിലുള്ള രക്തപ്പകകളും യുദ്ധങ്ങളും ഒട്ടും തന്നെ അസാധാരണമായിരുന്നില്ല. ചിലപ്പോൾ ശത്രുക്കളുടെ ആക്രമണങ്ങളിൽ നിന്നു രക്ഷപ്പെടാൻ വേണ്ടി ചെറിയ ചെറിയ കുലങ്ങൾ ഒരു പൊതുതലവന്റെയോ തലവൻമാരുടെ ഒരു കൗൺസിലിന്റെയോ കീഴിൽ ഒന്നിച്ചുകൂടും. മറ്റുചിലപ്പോൾ കൂടുതൽ ശക്തിയുള്ള ഒരു കുലത്തലവൻ ഒന്നിലധികം കുലങ്ങളെ സ്വന്തം കൊടിക്കീഴിൽ യോജിപ്പിച്ചണിനിരത്തി മറ്റാരെയെങ്കിലും ആക്രമിക്കും. അങ്ങനെ ക്രമത്തിൽ വിസ്തൃതമായ ഭൂപ്രദേശങ്ങൾ ഒരു തലവന്റെ നേതൃത്വത്തിലുള്ള പൊതുഭരണത്തിനു വിധേയമായിത്തീരും. ഈ തലവൻമാരാണ്, ഗോത്രവ്യവസ്ഥയുടെ ആഭ്യന്തരവും ബാഹ്യവുമായ മാറ്റങ്ങളുടെ ഫലമായി, കാലക്രമത്തിൽ കുറുനിലമന്നൻമാരും രാജാക്കൻമാരുമായി മാറിയത്.

## 1 ഉൽപ്പന്നങ്ങളുടെ കൈമാറ്റം

വ്യത്യസ്ത കുലങ്ങൾ തമ്മിൽ സംഘട്ടനങ്ങളും യുദ്ധങ്ങളും മാത്രമല്ല, സമാധാനപരമായ സാമ്പത്തികബന്ധങ്ങളുമുണ്ടായിരുന്നു. ഓരോ കുലത്തിലേയും ജനങ്ങൾ ഉൽപ്പാദിപ്പിച്ചുണ്ടാക്കുന്ന ഉപഭോഗവസ്തുക്കളിൽ ആവശ്യമുള്ളതു കഴിച്ചു മിച്ചംവരുന്നത് മറ്റു കുലങ്ങളിലെ ജനങ്ങൾക്ക് വിൽക്കുക പതിവായിരുന്നു. ഉൽപ്പാദനത്തിന്റെയും കൈമാറ്റത്തിന്റെയും അഭിവൃദ്ധിയുടെ ഫലമായി സ്വകാര്യസ്വത്തുടമ തലപൊക്കി. ലോഹയുഗത്തിന്റെ ആവിർഭാവമാണ് ഈ ഗതിക്രമത്തിന് ഊക്കുകൂട്ടിയത്. പലതരത്തിലുള്ള കൈവേലകളും കൈത്തൊഴിലുകളും ആരംഭിച്ചത് ഈ കാലത്താണ്. അങ്ങനെ കൃഷി, കന്നുകാലികളെ വളർത്തൽ, നായാട്ട്, മീൻപിടുത്തം മുതലായവയ്ക്കു പുറമെ പാത്രങ്ങളും ആഭരണങ്ങളും ആയുധങ്ങളും കാർഷികോപകരണങ്ങളും മറ്റും നിർമ്മിക്കുന്ന പലതരം കൈത്തൊഴിലുകളും ആരംഭിച്ചു. അതിന്റെ ഫലമായി ഉൽപ്പാദനത്തിന്റെ വ്യത്യസ്ത ശാഖകൾ തമ്മിലുള്ള പ്രകൃതിവിഭജനം കൂടുതൽ സങ്കീർണ്ണമായിത്തീർന്നു.

ആദ്യമൊക്കെ കൊള്ളകൊടുക്കകൾ നടന്നിരുന്നത് വെച്ചുമാറ്റത്തിന്റെ (ബാർട്ടർ) അടിസ്ഥാനത്തിലായിരുന്നു. അതായത് ഒരു ചരക്കുകൊടുത്ത് അതിനു പകരം മറ്റൊരു ചരക്ക് വാങ്ങിക്കൊണ്ടു വരികയായിരുന്നു പതിവ്. ആടുമാടുകളുടെ ഉടമസ്ഥൻമാരായിരുന്ന ഇടയരുടെ സ്ത്രീകൾ പുലർച്ചയ്ക്കെഴുന്നേറ്റു തൈർകടയുന്നതിനെപ്പറ്റിയും നെയ്യും മോരും വിറ്റ് പകരം ധാന്യങ്ങൾ വാങ്ങുന്നതിനെപ്പറ്റിയും പുറനാനൂറിലെ ഒരു പാട്ട് തന്മയത്വത്തോടെ വിവരിക്കുന്നുണ്ട്. നെയ്തൽപ്രദേശങ്ങളിലെ പരതവസ്ത്രീകൾ മീൻവിറ്റ് നെല്ലുവാങ്ങിക്കൊണ്ടുവരും. ഈ സമ്പ്രദായത്തെ പൊരുനാർ ആറ്റുപ്പടെ എന്ന പത്തുപ്പാട്ടിലെ ഒരു പാട്ട് വിവരിക്കുന്നതു നോക്കുക: ‘തേനും നെയ്യും കിഴങ്ങും കൈമാറ്റം ചെയ്തവർ അവയ്ക്കുപകരം മീനും നെല്ലും കള്ളും വാങ്ങിക്കൊണ്ടുപോകുന്നു. നല്ല കരിമ്പും അവലും കൈമാറ്റം ചെയ്തവർ അവയ്ക്കുപകരം മാനിറച്ചിയും കള്ളും വാങ്ങിക്കൊണ്ടുപോകുന്നു.’ [1]

ആദ്യകാലത്ത് പണമുണ്ടായിരുന്നില്ല. നേരിട്ടുള്ള കൈമാറ്റമാണ് നടന്നിരുന്നത്. കുറെക്കഴിഞ്ഞപ്പോൾ നെല്ല് പണത്തിന്റെ പങ്കുവഹിക്കാൻ തുടങ്ങി. ക്രമേണ കൊള്ളക്കൊടുക്കകളുടെ മധ്യവർത്തിയെന്ന നിലയ്ക്ക്, പ്രത്യേകിച്ചും വിദേശവ്യാപാരത്തിലെ മധ്യവർത്തിയെന്ന നിലയ്ക്ക്, ലോഹപ്പണം പ്രത്യക്ഷപ്പെട്ടു. കച്ചവടം അഭിവൃദ്ധിപ്പെട്ടപ്പോൾ ചന്തകളും പട്ടണങ്ങളും ഉയർന്നുവന്നു. കേരളക്കരയിലും മറ്റു ദക്ഷിണേന്ത്യൻ ഭൂപ്രദേശങ്ങളിലും ആദ്യമായി പട്ടണങ്ങൾ ഉയർന്നുവന്നതെങ്ങനെയെന്ന് പി.ടി. ശ്രീനിവാസയ്യങ്കാർ ‘തമിഴരുടെ ചരിത്രം’ എന്ന തന്റെ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. ഒരു പ്രദേശത്തിലെ ഉൽപ്പന്നങ്ങളും മറ്റൊരു പ്രദേശത്തിലെ ഉൽപ്പന്നങ്ങളും തമ്മിലുള്ള ഒത്തുമാറ്റങ്ങളുടെ ഫലമായിട്ടാണ് ഒടുവിൽ പട്ടണങ്ങൾ പൊന്തിവന്നതെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. ഉദാഹരണത്തിന്, പരക്കെ ആവശ്യമായ ഉപ്പ് നെയ്തൽ എന്നു വിളിക്കപ്പെടുന്ന കടലോര പ്രദേശങ്ങളിലാണ് ഉൽപ്പാദിപ്പിക്കപ്പെടുന്നത്. അരി, തുണി മുതലായ നിത്യോപയോഗസാമഗ്രികൾ മരുത പ്രദേശങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നു. മുല്ലപ്രദേശങ്ങളിൽ പലതരം ധാന്യങ്ങളും വെണ്ണ, നെയ്യ് മുതലായവയും ധാരാളമുണ്ടാകുന്നു. പർവതപ്രദേശങ്ങളിൽ തിന, ചാമ, തേൻ തുടങ്ങിയവ സുലഭമാണ്. വ്യത്യസ്തങ്ങളായ ഈ ഉൽപ്പന്നങ്ങൾ പ്രാചീനകാലം മുതൽക്കേ കൈമാറ്റം ചെയ്യപ്പെട്ടുപോന്നു. മുല്ല, കുറിഞ്ചി എന്നീ ഉയർന്ന പ്രദേശങ്ങളുടെയും മരുതം, നെയ്തൽ എന്നീ താണപ്രദേശങ്ങളുടെയും ഇടയ്ക്കുള്ള സമതലങ്ങളിലെ നദീതീര പ്രദേശങ്ങളിൽവെച്ചാണ് കൈമാറ്റങ്ങൾ കൂടുതലായി നടന്നിരുന്നത് എന്നും അതുകൊണ്ട് സ്വാഭാവികമായും അത്തരം വ്യാപാരകേന്ദ്രങ്ങളാണ് പട്ടണങ്ങളായിത്തീർന്നത് എന്നും ശ്രീനിവാസഅയ്യങ്കാർ അഭിപ്രായപ്പെടുന്നു. [2] ഇപ്രകാരമാണത്രേ സംഘംകൃതികളിലെ ഉറൈയൂർ, മധുര, കരൂർ, കാവേരിപ്പൂപ്പട്ടണം മുതലായ പ്രാചീന പട്ടണങ്ങൾ ഉയർന്നുവന്നത്. ഗ്രാമപ്രദേശങ്ങളിലെന്നപ്പോലെതന്നെ ഈ പട്ടണപ്രദേശങ്ങളിലും വിഭിന്ന തൊഴിലുകളിൽപ്പെട്ട വ്യത്യസ്തജനവിഭാഗങ്ങൾ ഒത്തുചേരുകയും സ്ഥിരവാസമാരംഭിക്കുകയും ചെയ്തു.

കൃഷിയും കൈത്തൊഴിലുകളും അഭിവൃദ്ധിപ്പെട്ടപ്പോൾ പ്രാകൃതമായ ഗോത്രസമുദായ വ്യവസ്ഥയ്ക്കുള്ളിൽ അനിവാര്യമായ ചില പരിവർത്തനങ്ങളുണ്ടായി. പഴയ ഐക്യവും സമത്വവും സൗഹാർദ്ദവും ജനാധിപത്യവുമെല്ലാം ഛിന്നഭിന്നമാവാൻ തുടങ്ങി. വ്യത്യസ്ത കുലങ്ങളിലേയും വ്യത്യസ്ത ഗോത്രങ്ങളിലെയും അംഗങ്ങൾ രക്തബന്ധങ്ങളെ വകവയ്ക്കാതെ തൊഴിലിന്റെ അടിസ്ഥാനത്തിൽ ഒന്നിച്ചുകൂടിയതിന്റെയും സ്വത്തുക്കളുടെ സമ്പാദനത്തിലും വിഭജനത്തിലും അസമത്വങ്ങളാവിർഭവിച്ചതിന്റെയും ഒഴിച്ചുകൂടാത്ത ഫലമായിരുന്നു അത്. ഗോത്രസമുദായ വ്യവസ്ഥയുടെ തകർച്ചയിൽ നിന്ന് സ്വത്തുടമസ്ഥൻമാരായ പ്രാമാണിമാർ, സ്വത്തുക്കൾ ക്രയവിക്രയംചെയ്യുന്ന കച്ചവടക്കാർ, കൈവേലകളിലും കൈത്തൊഴിലുകളിലുമേർപ്പെടുന്ന ചെറുകിട സ്വത്തുടമസ്ഥൻമാർ, സ്വത്തില്ലാത്ത സാധാരണക്കാർ, മറ്റുള്ളവർക്കു വേണ്ടി പണിയെടുത്തുപജീവനം കഴിക്കുന്ന വേലക്കാർ എന്നിങ്ങനെ വ്യത്യസ്ത സാമ്പത്തികതാൽപ്പര്യങ്ങളോടുകൂടിയ ജനസമുദായങ്ങൾ ഉയർന്നുവന്നു.

---

1. ‘തേൻനെയ്യൊടു കിഴങ്കുമാറിയോർ
   മീൻനെയ്യൊരു നറവുമറുകവും
   തീംതരിമ്പൊടു അവൽ വകുത്തോർ
   മാൻകുറൈയൊരു മതുമറുകവും.’
   — (പൊരുനർ ആറ്റുപ്പടൈ, 214-217)
2. P. T. Sreenivasa Aiyyangar: History of the Tamils.

## 2 ഭരണകൂടത്തിന്റെ ഉത്ഭവം

നാലാമധ്യായത്തിൽ പ്രതിപാദിച്ചുകഴിഞ്ഞതുപോലെ, സ്വകാര്യസ്വത്തും വർഗവിഭജനവും ആവിർഭവിക്കുന്നതിനു മുമ്പ് നിലനിന്നിരുന്ന പ്രാകൃത കമ്മ്യൂണിസത്തിൽ മേലാളർ, കീഴാളർ എന്ന വ്യത്യാസമുണ്ടായിരുന്നില്ല. അക്കാലത്തുതന്നെ ഒരുതരത്തിലുള്ള പ്രവൃത്തിവിഭജനമുണ്ടായിരുന്നു എന്നതു ശരിതന്നെ. പക്ഷേ, ആ പ്രവൃത്തിവിഭജനം സമുദായത്തിന്റെ ഐക്യത്തെ ഭംഗപ്പെടുത്തിയിരുന്നില്ല. നേരെമറിച്ച്, സാമൂഹ്യജീവിതത്തെ കൂടുതൽ സുഗമവും കൂടുതൽ സുഖകരവുമാക്കാനാണ് അതു സഹായിച്ചത്. എന്നാൽ, ക്രമത്തിൽ ഉൽപ്പാദനശക്തികൾ വളരുകയും സ്വത്തുക്കൾ വർദ്ധിക്കുകയും ചെയ്തപ്പോൾ പ്രവൃത്തിവിഭജനം സാമൂഹ്യാസമത്വങ്ങൾക്ക് വഴിതെളിച്ചു. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള വർഗവ്യത്യാസങ്ങൾ വളരാൻ തുടങ്ങി. ഏറ്റവും മുകളിൽ സ്വത്തുടമസ്ഥൻമാരായ പ്രമാണിവർഗക്കാർ, ഏറ്റവും ചുവട്ടിൽ ആ പ്രമാണിവർഗ്ഗക്കാർക്കുവേണ്ടി കഠിനാധ്വാനം ചെയ്യുന്ന മർദ്ദിതരായ വേലക്കാരും അടിമകളും, ഈ രണ്ടുവിഭാഗങ്ങൾക്കുമിടയിലായി സ്വത്തുടമാവകാശത്തിന്റെ വിവിധ നിലവാരത്തിലുള്ള സ്വതന്ത്രൻമാർ—ഇത്തരത്തിലുള്ള ഒരു വർഗസമുദായം പ്രത്യക്ഷപ്പെട്ടു. സമുദായത്തിലെ മേൽത്തട്ടിലുള്ള വിഭാഗങ്ങൾക്ക് അടിമകളെയും സ്വതന്ത്രരായ കൈവേലക്കാരുടെയും അധ്വാനത്തെ ചൂഷണം ചെയ്തുകൊണ്ട് കൂടുതൽ കൂടുതൽ സ്വത്തു സമ്പാദിക്കാനും തങ്ങളുടെ ഒഴിവുസമയങ്ങളെ സാഹിത്യം, സംഗീതം, നൃത്തം മുതലായ കലകളുടെ പോഷണത്തിനു വേണ്ടി വിനിയോഗിക്കാനും സാധിക്കുമെന്നായി. അടിത്തട്ടിലുള്ള മർദ്ദിതരും ചൂഷിതരുമായ വിഭാഗങ്ങളാകട്ടെ, അധികമധികം അസംതൃപ്തരായിത്തീരുകയും ചെയ്തു. ഈ വർഗവിഭജനത്തിന്റെ ഫലമായി സാമൂഹ്യഭരണവ്യവസ്ഥയിലും അതിപ്രധാനങ്ങളായ ചില മാറ്റങ്ങളുണ്ടായി. സ്വകാര്യസ്വത്തിന്റെ പരിപാവനയെ കാത്തുരക്ഷിക്കാനുതകുന്ന ഒരു പുതിയ സ്ഥാപനം ഉയർന്നുവന്നും ലോകത്തിലെ മറ്റു പല വിഭാഗങ്ങളിലും സാമൂഹ്യവളർച്ചയുടെ ഒരു സവിശേഷഘട്ടത്തിലാവിർഭവിച്ച ഈ മാറ്റങ്ങളെപ്പറ്റി ഏംഗെൽസ് ഇങ്ങനെ എഴുതുകയുണ്ടായി:

> ‘ഒരു കാര്യം മാത്രമേ ആവശ്യമുണ്ടായിരുന്നുള്ളു. ഗോത്രസമുദായവ്യവസ്ഥയുടെ ഒരു കൂട്ടുടമപാരമ്പര്യങ്ങൾക്കെതിരായി വ്യക്തികൾക്കു പുതുതായി ലഭിച്ച സ്വത്തുക്കളെ സംരക്ഷിക്കുകയും മുമ്പൊക്കെ തീരെ ഗണിക്കാതിരുന്ന സ്വകാര്യസ്വത്തിനെ പവിത്രമാക്കുകയും ഈ പവിത്രതയാണ് മുഴുവൻ സമുദായത്തിന്റെയും സർവ്വോൽകൃഷ്ടമായ ലക്ഷ്യമെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്ന ഒരു സ്ഥാപനം സ്വത്തു സമ്പാദിക്കാനുള്ള ഓരോ പുതിയ മാർഗത്തിൻമേലും സാമൂഹ്യാംഗീകരണത്തിന്റെ മുദ്രകുത്തുകയും അങ്ങനെ ഇടവിടാതെ ഏറിക്കൊണ്ടുവരുന്ന വേഗതയിൽ സ്വത്തുക്കൾ ഒരുക്കുകൂട്ടുകയും ചെയ്യുന്ന ഒരു സ്ഥാപനം; വർഗങ്ങളായി പിരിഞ്ഞ ഈ സമുദായത്തിലെ വളർന്നുവരുന്ന പിളർപ്പിനെ മാത്രമല്ല, സ്വത്തില്ലാത്ത വർഗത്തെ ചൂഷണം ചെയ്യാൻ സ്വത്തുള്ള വർഗ്ഗത്തിനു കൈവന്ന അവകാശത്തെയും ഇല്ലാത്തവരുടെമേൽ ഉള്ളവർ നടത്തുന്ന ഭരണത്തേയും നിലനിർത്തുന്ന ഒരു സ്ഥാപനം—ഈ സ്ഥാപനം ആവിർഭവിച്ചു; ഭരണകൂടം കണ്ടുപിടിക്കപ്പെട്ടു.’ [3]

---

3. F. Engels: Origin of Family, Private Property and State.

# 3 സംഘകൃതികളിൽ നിന്നുള്ള തെളിവുകൾ

കേരളക്കരയിലെയും മറ്റു തെന്നിന്ത്യൻ പ്രദേശങ്ങളിലേയും അപരിഷ്കൃതരായ ഗോത്രത്തലവൻമാർ ഭരണകൂടത്തിന്റെ ഉടമസ്ഥൻമാരായ പരിഷ്കൃത രാജാക്കൻമാരായി മാറിയതെങ്ങിനെ എന്നതിനെകുറിച്ചും സ്ഥാപിത താൽപ്പര്യങ്ങളെ കാത്തുരക്ഷിക്കുന്ന ഭരണകൂടം ശക്തിപ്പെട്ടുവന്നതെങ്ങനെയെന്നതിനെക്കുറിച്ചുമുള്ള ധാരാളം വിവരങ്ങൾ പ്രാചീന സംഘംകൃതികളിൽ, പ്രത്യേകിച്ചും, മരുതം, മുല്ല എന്നീ തിണകളെ സംബന്ധിച്ച പാട്ടുകൾ അടങ്ങിയിട്ടുണ്ട്. രാജാവിന് കോൻ എന്നു പറയും. കോൻ എന്ന വാക്കിന് ഇടയൻ എന്നാണർത്ഥം. കന്നുകാലിസ്വത്തുക്കളുടെ അധിപനായ കുലത്തലവനും അതേപേരിലാണറിയപ്പെടുന്നത്. കോൽ (അല്ലെങ്കിൽ വടി) എന്ന പദത്തിൽ നിന്നാണ് കോൻ എന്ന വാക്കുണ്ടായത്. രാജാവിന്റെ ചെങ്കോൽ ഇടയഗോത്രങ്ങൾ ആടുമാടുകളെ മേയ്ക്കാനുപയോഗിക്കുന്ന കോലിന്റെ പ്രതീകമാണത്രെ. മരുതം-മുല്ല പ്രദേശങ്ങളിലെ ഇടയത്തലവൻമാരാണ് കാലക്രമത്തിൽ രാജാക്കൻമാരായിത്തീർന്നത് എന്നാണിത് സൂചിപ്പിക്കുന്നത്. ‘കലിത്തൊകൈ’ എന്ന സംഘം കൃതിയിലെ ചില പാട്ടുകൾ പരിശോധിച്ചു വിശകലനം ചെയ്തുകൊണ്ട് മരുതം മേഖലയിലെ ആയർ (ഇടയ) കുലങ്ങളുടെ തലവൻമാരിൽ നിന്നാണ് ആദ്യത്തെ പാണ്ഡിരാജാക്കൻമാർ ഉയർന്നുവന്നത് എന്ന് ദീക്ഷിതർ ചൂണ്ടിക്കാണിക്കുന്നു. [4] കോ അല്ലെങ്കിൽ കോൻ ആണ് മുടിവേന്തൻ അല്ലെങ്കിൽ കിരീടം ധരിച്ച രാജാവായിത്തീർന്നത് എന്നദ്ദേഹം അഭിപ്രായപ്പെടുന്നു. ചേരൻമാർ, ചോഴൻമാർ എന്നീ വംശങ്ങളിലെ രാജാക്കൻമാരും ഏതാണ്ടിതേതരത്തിൽ തന്നെ അപരിഷ്കൃത ഗോത്രത്തലവൻമാരുടെ പിൻഗാമികളായിരുന്നു.

രാജകീയ ഭരണവ്യവസ്ഥയുടെ വളർച്ചയെത്താത്ത ഒരു ഘട്ടത്തെയാണ് ആദികാല സംഘകൃതികൾ പ്രതിഫലിപ്പിക്കുന്നത്. യഥാർത്ഥത്തിൽ ആദ്യകാലത്തെ രാജാക്കൻമാർ കുലത്തലവൻമാരുടേതിൽ നിന്നും വ്യത്യസ്തമായ പങ്കൊന്നും വഹിച്ചിരുന്നില്ല. സ്വന്തം ആടുമാടുകളെയും മറ്റു സ്വത്തുക്കളെയും കാത്തുരക്ഷിക്കുകയും മറ്റുള്ളവരുടെ ആടുമാടുകളെ കൊള്ളയടിക്കുകയും ഗോത്രത്തിനുള്ളിലെ വഴക്കുകൾ തീർക്കുകയും ചെയ്യുക എന്നതായിരുന്നു അവരുടെ മുഖ്യമായ പ്രവൃത്തി. ആഭ്യന്തര ഭരണകാര്യങ്ങളിലെല്ലാം ഏറെക്കുറെ പഴയ ഗോത്രവ്യവസ്ഥ തന്നെ തുടർന്നുപോന്നു. ഗോത്രവ്യവസ്ഥയ്ക്കുള്ളിൽ വൈരുദ്ധ്യങ്ങൾ വർദ്ധിച്ചപ്പോഴാണ് ആഭ്യന്തരഭരണം സങ്കീർണ്ണവും സുശക്തവുമായ ഒരു സ്ഥാപനമായിത്തീർന്നത്. പി.ടി. ശ്രീനിവാസയ്യർ ചൂണ്ടിക്കാണിക്കുന്നതുപോലെ, ‘കുലത്തലവന്റെ രാജത്വം വളരെ പ്രാകൃതമായ മട്ടിലുള്ളതായിരുന്നിരിക്കണം. എന്തെന്നാൽ, ഭരണകല വികസിച്ചുകഴിഞ്ഞിരുന്നുവെന്നോ ഏതെങ്കിലും തരത്തിലുള്ള താത്വികമോ പ്രായോഗികമോ ആയ രാജനീതിശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തിയാണ് അത് നിലനിന്നിരുന്നത് എന്നോ സൂചിപ്പിക്കുന്ന യാതൊന്നും പ്രാചീന തമിഴ്പാട്ടുകളിലാകട്ടെ പൊരുളതികാരത്തിലാകട്ടെ കാണാൻ കഴിയുന്നില്ല.’ [5]

ചേരചോഴപാണ്ഡ്യരാജ്യങ്ങളിൽ രാജാക്കൻമാർ ആവിർഭവിക്കുന്നതിനു മുമ്പ് ഒരുതരം ഗ്രാമസമുദായ ഭരണമാണ് നിലനിന്നിരുന്നത് എന്നും പൊതുകാര്യങ്ങളുടെ നടത്തിപ്പിൽ പ്രായപൂർത്തിയായ എല്ലാ ജനങ്ങൾക്കും പങ്കുണ്ടായിരുന്നുവെന്നും എൻ.ശിവരാജപിള്ള ചൂണ്ടിക്കാണിക്കുന്നു. സംഘംകൃതികളെ വിശകലനം ചെയ്തുകൊണ്ട് അദ്ദേഹം ഇങ്ങനെ എഴുതുകയുണ്ടായി:

> ‘ചോഴരാജാക്കൻമാരുടെ ഉത്ഭവം പ്രാചീനസമുദായ റിപ്പബ്ലിക്കുകളുടെ മേൽ ധാരാളം വെളിച്ചം വീശുന്നുണ്ട്... കീഴാർ എന്ന പേരിലറിയപ്പെടുന്ന ഗ്രാമക്കാരണവൻമാരുടെ നേതൃത്വത്തിൽ ഗ്രാമസമുദായങ്ങളായിട്ടാണ് ജനങ്ങൾ ജീവിച്ചുപോന്നത് എന്നു തോന്നുന്നു. ഇടയ്ക്കിടെ വിളിച്ചുകൂട്ടപ്പെടുന്ന ഗ്രാമസഭകളുടെ സഹായത്തോടുകൂടി കാര്യങ്ങൾ കൊണ്ടുനടത്തിയിരുന്നത് ഏറ്റവും പ്രായംകൂടിയ അംഗമാണ്. കാലക്രമത്തിൽ ഗ്രാമസമുദായംഗങ്ങളുടെ എണ്ണവും വലുപ്പവും വർദ്ധിച്ചു. അപ്പോൾ അവർ ഏതാനും ഗ്രാമസമുദായാംഗങ്ങളെ സംയോജിപ്പിച്ച് ഒരൊറ്റഘടകമായി പുനഃസംഘടിപ്പിച്ചു. അതിന്റെ നേതാവ് വേൻ അല്ലെങ്കിൽ കോൻ (രാജാവ്) ആയിരുന്നു. രാജാവിന്റെ കീഴിൽ വിവിധ ഗ്രാമങ്ങളെ പ്രതിനിധീകരിക്കുന്ന അനേകം കീഴാർമാരുണ്ടായിരുന്നു. കീഴാർമാരും രാജാക്കൻമാരുമായിരുന്നു ഏതാനും ഗ്രാമസമുദായങ്ങളുടെ, അല്ലെങ്കിൽ ഏതാനും ഗ്രാമസമുദായങ്ങളുടെ സംയുക്തഘടകത്തിന്റെ തലവൻമാർ. എങ്കിലും സമാധാനകാലങ്ങളിൽ അവരുടെ അധികാരം ഗ്രാമങ്ങളിലെ പൊതുസഭകളാൽ നിയന്ത്രിക്കപ്പെട്ടിരുന്നു. സ്ഥിരവാസമാരംഭിച്ച് സമാധാനപരമായി കൃഷിചെയ്തുജീവിക്കുന്ന കർഷകസമുദായങ്ങളുടെ ജീവിതരീതിയുടെ ഫലമായിരുന്നു ഇത്തരത്തിലുള്ള രാഷ്ട്രീയ സംഘടന.’ [6]

ഗ്രാമസമുദായാംഗങ്ങളുടെ എണ്ണവും വലുപ്പവും വർദ്ധിച്ചതുകൊണ്ടു മാത്രമാണ് കോൻ അല്ലെങ്കിൽ രാജാവ് ആവിർഭവിച്ചത് എന്ന ശിവരാജപിള്ളയുടെ അഭിപ്രായം ശരിയാണെന്നു തോന്നുന്നില്ല. ഉൽപ്പാദനശക്തികളുടെ വളർച്ചയിൽ നിന്നുളവായ ആഭ്യന്തരവൈരുദ്ധ്യങ്ങളെ പരിശോധിച്ചാൽമാത്രമേ രാജകീയഭരണത്തിന്റെ ഉത്ഭവത്തെപ്പറ്റി മനസ്സിലാക്കാൻ കഴിയൂ. എങ്കിലും, രാജാക്കൻമാർ കീഴാർമാരുമായി സഹകരിച്ചുകൊണ്ടാണ് രാജ്യം ഭരിച്ചത് എന്ന അദ്ദേഹത്തിന്റെ അഭിപ്രായം തികച്ചും ശരിയാണ്. എന്തെന്നാൽ ചേരചോഴപാണ്ഡ്യരാജ്യങ്ങളിലാവിർഭവിച്ച രാജകീയ ഭരണവ്യവസ്ഥകൾ പ്രത്യക്ഷത്തിൽ വ്യക്തിപരമായ സ്വേച്ഛാധിപത്യങ്ങളായിരുന്നുവെങ്കിലും പഴയസമുദായത്തിന്റെ പ്രബലങ്ങളായ അവശിഷ്ടങ്ങളേയും പുതുതായുയർന്നുവന്ന സ്വത്തുടമസ്ഥൻമാരായ പ്രമാണികളുടെ ഇച്ഛാശക്തിയേയും അവഗണിയ്ക്കാൻ അവയ്ക്കു കഴിഞ്ഞിരുന്നില്ല. സംഘംകൃതികളിൽ മാത്രമല്ല, പ്ലീനി, ടോളമി തുടങ്ങിയ പാശ്ചാത്യഗ്രന്ഥകാരൻമാരുടെ പുസ്തകങ്ങളിലും പ്രാകൃത ഗോത്രവ്യവസ്ഥയിൽ നിന്നു രാജകീയഭരണവ്യവസ്ഥയിലേക്കുള്ള പരിവർത്തനത്തിന്റെ ചില സൂചനകൾ കാണാം. ഉദാഹരണത്തിന് ക്രി.പി. രണ്ടാം നൂറ്റാണ്ടിന്റെ മധ്യകാലത്തു രചിക്കപ്പെട്ട ടോളമിയുടെ ഭൂമിശാസ്ത്രഗ്രന്ഥത്തിൽ തെക്കേ ഇന്ത്യയിലെ പ്രാചീനരാജ്യങ്ങളെപ്പറ്റിയുള്ള സവിസ്തരമായ വർണ്ണനകളുണ്ട്. അവയെ വിശകലനം ചെയ്തുകൊണ്ട് ശ്രീനിവാസയ്യങ്കാർ ഇങ്ങനെ എഴുതുന്നു:

> ‘അക്കാലത്ത് ദക്ഷിണേന്ത്യ പാരമ്പരാവകാശികളായ മൂന്നു രാജാക്കൻമാരുടെയും ഒട്ടനവധി ഗോത്രത്തലവൻമാരുടെയും കീഴിൽ വിഭജിക്കപ്പെട്ടുകഴിഞ്ഞിരുന്നു എന്നാണ് അദ്ദേഹത്തിന്റെ (ടോളമിയുടെ) വിവരണങ്ങളിൽ നിന്നും നമുക്ക് മനസിലാക്കാൻ കഴിയുന്നത്. മൂന്നു രാജാക്കൻമാരും ഏതാണ്ട് ഒരേ നിലയ്ക്കുള്ളവരായിരുന്നു. കരികാലനെപ്പോലുള്ള ഒരു ചോഴരാജാവ് തെന്നിന്ത്യയുടെ മുഴുവൻ ആധിപത്യം അവകാശപ്പെടാൻ തുടങ്ങിയ കാലഘട്ടം ആരംഭിച്ചുകഴിഞ്ഞിരുന്നില്ല. നേരെമറിച്ച്, ടോളമിയുടെ വിവരണങ്ങളനുസരിച്ച് ചോഴൻമാർ ഭാഗികമായി അലഞ്ഞുതിരിയുന്ന കുലങ്ങൾ മാത്രമായിരുന്നു’ [7]

ജനാധിപത്യപരമായ ഗോത്രസമുദായ ഭരണത്തിൽനിന്ന് സ്വേഛാധിപത്യപരമായ രാജകീയഭരണം ഉരുപ്പിടിച്ചുയർന്നുവന്നത് നീണ്ടകാലത്തെ വികാസക്രമത്തിലൂടെയാണെന്ന് ഇതിൽ നിന്നുതന്നെ വ്യക്തമാവും. ക്രി.മു. ഒന്നാം സഹസ്രാബ്ദത്തിന്റെ മദ്ധ്യത്തോടുകൂടി പ്രാകൃതകമ്യൂണിസത്തിന്റെ അടിസ്ഥാനത്തിലുള്ള ഗോത്രസമുദായ ഭരണവ്യവസ്ഥയ്ക്ക് ഉലച്ചിൽ തട്ടിക്കഴിഞ്ഞിരുന്നുവെന്ന് അനുമാനിക്കാം. ക്രിസ്തുവിന് മൂന്നോ നാലോ നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ചേരചോഴ പാണ്ടിരാജ്യങ്ങൾ ചരിത്രത്തിലേയ്ക്കു കാലെടുത്തുവച്ചുകഴിഞ്ഞിരുന്നു എന്ന് അശോകന്റെ ശിലാശാസനങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഇരുമ്പുകൊണ്ടുള്ള ഉപകരണങ്ങളുടെ പ്രചാരം വർഗവിഭജനങ്ങളെ ത്വരതിപ്പെടുത്തുന്നുണ്ടാവണം. എങ്കിലും ആദ്യത്തെ രാജാക്കൻമാർ ഗോത്രത്തലവൻമാരിൽനിന്ന് വളരെയൊന്നും വിഭിന്നരായിരുന്നില്ല. ക്രി.മു. 5-ാം നൂറ്റാണ്ടിനും ക്രി.പി. ഒന്നാം നൂറ്റാണ്ടിനുമിടയിലുള്ള കാലഘട്ടം പ്രാകൃതകമ്യൂണിസത്തിന്റെ തകർച്ചയുടെയും രാജകീയഭരണത്തിന്റെ അടിസ്ഥാനത്തിലുള്ള അടിമത്തവ്യവസ്ഥയുടെ വളർച്ചയുടെയും കാലഘട്ടമായിരുന്നു എന്ന് മൊത്തത്തിൽ പറയാം. ക്രി.പി. ഒന്നാം നൂറ്റാണ്ടിനും മൂന്നാം നൂറ്റാണ്ടിനുമിടയിലാണ് ചേരചോഴപാണ്ഡിരാജാക്കൻമാരുടെ അധികാരശക്തി സുസ്ഥാപിതമായിത്തീർന്നത് എന്ന് പതിറ്റുപ്പത്ത്, പുറനാനൂറ് തുടങ്ങിയ സംഘംകൃതികളിൽ നിന്നു മനസ്സിലാക്കാം.

---

4. V. R. R. Dikshitar: Studies in Tamil Literature, P 179.
5. P. T. Sreenivas Iyengar: History of the Tamils. p. 72.
6. 6. N. Sivaraja Pillai.
7. P. T. Sreenivasa Iyengar: History of the Tamils. P. 317.

## 4 രാജവാഴ്ചയുടെ ചില സവിശേഷതകൾ

തെക്കെ ഇന്ത്യയിലെ ചില പ്രദേശങ്ങളിൽ വർഗവിഭജനങ്ങളും രാജകീയ ഭരണവ്യവസ്ഥകളും മറ്റും ആവിർഭവിച്ചതിനുശേഷവും മറ്റു ചില ഭാഗങ്ങളിൽ പ്രാകൃതകമ്മ്യൂണിസത്തിന്റെ ഐക്യത്തേയും സമത്വത്തേയും നിലനിർത്തിപ്പോന്ന ഒട്ടുവളരെ അപരിഷ്കൃത കുലങ്ങൾ ജീവിക്കുന്നുണ്ടായിരുന്നു. അവയുടെ തലവൻമാരായ കുറുനിലമന്നൻമാരും ചിറ്ററചൻമാരും ചരിത്രത്തിന്റെ പടിവാതിൽക്കലോളമെത്തിക്കഴിഞ്ഞിരുന്നു. കുറുനിലമന്നൻമാരുടെ നേതൃത്വത്തിലുള്ള ചില കുലങ്ങൾക്കുള്ളിൽ വർഗവ്യത്യാസങ്ങൾ തലപൊക്കാൻ തുടങ്ങിക്കഴിഞ്ഞിരുന്നു. പക്ഷേ, അവർ പൂർണ്ണമായ അർത്ഥത്തിൽ രാജാക്കൻമാരായി വളർന്നുകഴിഞ്ഞിരുന്നില്ല. മറ്റു കുലത്തലവൻമാർ കൂടുതൽ അപരിഷ്കൃതമായ ഒരവസ്ഥയിലായിരുന്നു. ചേരചോഴ പാണ്ടിരാജ്യങ്ങളിൽ മൂവരചൻമാർ ഈ അപരിഷ്കൃത കുലങ്ങളെ കീഴടക്കാൻ വളരെ പാടുപെട്ടിരുന്നു. ചിലപ്പോൾ ഏതാനും കുലങ്ങൾ ഒന്നിച്ചുചേർന്ന് മൂവരചരെ ആക്രമിക്കുകയും പതിവായിരുന്നു. 7 തലവൻമാരുടെയും 9 തലവൻമാരുടെയും 11 തലവൻമാരുടെയും 14 തലവൻമാരുടെയും മറ്റും പരാജയങ്ങളെപ്പറ്റി സംഘംകൃതികളിൽ പ്രസ്താവിക്കപ്പെടുന്നുണ്ട്. [8] ക്രി.പി. ഒന്നാം നൂറ്റാണ്ടിനും മൂന്നാംനൂറ്റാണ്ടിനുമിടയിൽ കുലത്തലവൻമാരും മൂവരചരും തമ്മിൽ ഇടവിടാതെ യുദ്ധങ്ങൾ നടന്നുകൊണ്ടിരിക്കുന്നു എന്ന് ഇതിൽനിന്ന് വ്യക്തമാകുന്നുണ്ട്. ചേരചോഴ പാണ്ടിരാജാക്കൻമാർക്കിടയിൽത്തന്നെ പലപ്പോഴും യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെട്ടുകൊണ്ടിരുന്നു. ആദ്യകാലത്ത് അന്യനാടുകൾ വെട്ടിപ്പിടിക്കുക എന്നതിനെക്കാളേറെ കന്നുകാലികളെയും മറ്റു സ്വത്തുക്കളെയും കൊള്ളയടിക്കുകയും അതോടൊപ്പം താന്താങ്ങളുടെ അന്തസ്സും പദവിയും വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു യുദ്ധങ്ങളുടെ ഉദ്ദേശ്യം. പക്ഷേ, ആഭ്യന്തരമായ വർഗവിഭജനങ്ങൾ ഉറയ്ക്കുകയും ഫിനീഷ്യക്കാർ, റോമാക്കാർ തുടങ്ങിയ വിദേശീയരുമായുള്ള വാണിജ്യബന്ധങ്ങൾ വളരുകയും പട്ടണങ്ങൾ അഭിവൃദ്ധിപ്പെടുകയും ചെയ്തപ്പോൾ യുദ്ധങ്ങൾ കൂടുതൽ ഭയങ്കരമായിത്തീർന്നു. അന്യനാടുകളെ വെട്ടിപ്പിടിച്ച് സ്വന്തം രാജ്യത്തോടു കൂട്ടിച്ചേർക്കാനുള്ള മൂവരചരുടെ പരിശ്രമങ്ങൾ ഊർജ്ജിതമായത് ഈ ഘട്ടത്തിലാണ്. ആഭ്യന്തരമായ ഭരണക്രമങ്ങൾ കൂടുതൽ സങ്കീർണ്ണമായിത്തീർന്നതും ഈ ഘട്ടത്തിൽതന്നെയാണ്.

രാജവാഴ്ചയാരംഭിക്കുന്നതിനുമുമ്പും കുലങ്ങൾ തമ്മിൽ കൂടെക്കൂടെ യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെടുക സാധാരണമായിരുന്നു. പക്ഷേ, ആയുധങ്ങൾക്ക് പ്രത്യേകമായ സൈന്യസജ്ജീകരണത്തിന്റെ ആവശ്യമുണ്ടായിരുന്നില്ല. കുലത്തിലെ മുഴുവൻ ജനങ്ങളും ആയുധമെടുത്ത് യുദ്ധംവെട്ടുകയായിരുന്നു പതിവ്. എന്നാൽ, ധനിക ദരിദ്രവ്യത്യാസങ്ങൾ മൂർച്ഛിച്ചതിന്റെ ഫലമായി ഉടമവർഗങ്ങൾക്ക് സാമാന്യജനങ്ങളിൽ നിന്നു വേറിട്ടുനിൽക്കുന്ന ഒരു സ്വതന്ത്രമായ പട്ടാളശക്തി ആവശ്യമായിത്തീർന്നു. അങ്ങനെ പടൈയാച്ചിയർ എന്ന് ഒരു പ്രത്യേക ജനവിഭാഗം ഉയർന്നുവന്നു. ഭൂരിപക്ഷക്കാരായ ജനങ്ങളെ അടക്കിഭരിച്ചുകൊണ്ട് ന്യൂനപക്ഷത്തിന്റെ വർഗമേധാവിത്വം നിലനിർത്താനും അതേസമയത്തുതന്നെ പുറമേനിന്നുള്ള കുറുനിലമന്നൻമാരുടേയും അരചൻമാരുടേയും ആക്രമണങ്ങളിൽനിന്ന് രക്ഷനേടാനും പറ്റിയ രാഷ്ട്രീയാധികാരശക്തി രൂപമെടുത്തു.

ആദ്യകാലത്ത് സമുദായത്തിന്റെ ഭരണകാര്യങ്ങളിൽ പ്രായപൂർത്തിയെത്തിയ മുഴുവൻ ജനങ്ങൾക്കും പങ്കുണ്ടായിരുന്നു. പക്ഷേ, വർഗവ്യത്യാസങ്ങളാവിർഭവിച്ചപ്പോൾ സ്ഥിതിമാറി. സാമൂഹ്യകാര്യങ്ങളെപ്പറ്റിയുള്ള ചർച്ചകളിലും തീരുമാനങ്ങളിലും ഭൂരിപക്ഷക്കാരായ ജനങ്ങൾക്ക് യാതൊരു പങ്കുമില്ലാതായി. ഭരണകാര്യങ്ങളെല്ലാം സ്വത്തുടമസ്ഥൻമാരും സ്ഥാപിതതാൽപ്പര്യക്കാരുമായ ന്യൂനപക്ഷക്കാരുടെ കൈയിൽ കേന്ദ്രീകരിച്ചു. കുലങ്ങളും കുലത്തലവൻമാരും ഗോത്രത്തലവൻമാരും തലവൻമാരുടെ കൂട്ടങ്ങളും മറ്റും അതിനുശേഷവും നിലനിന്നുവന്നത് ശരിയാണ്. പക്ഷേ, ഗോത്രസഭകളുടേയും കൂട്ടുഭരണവ്യവസ്ഥയുടേയും ഉള്ളടക്കത്തിലും പ്രവർത്തനരീതിയിലും വമ്പിച്ച മാറ്റങ്ങളുണ്ടായി. ആദ്യകാലത്ത് ഗോത്രതലവൻമാരും തറവാട്ടുകാരണവൻമാരും രക്തബന്ധത്തിന്റെ അടിസ്ഥാനത്തിലുള്ള സമത്വപൂർണ്ണമായ ഒരു സാമൂഹ്യവ്യവസ്ഥയിലെ പൊതുഭരണക്കാര്യങ്ങളെ മേൽനോട്ടം ചെയ്യുന്ന യഥാർത്ഥജനപ്രതിനിധികളായിരുന്നു. ഇപ്പോഴാകട്ടെ, അവർ ഒരു ജനവിഭാഗത്തിന്റെ താൽപ്പര്യങ്ങൾക്കെതിരായി, മറ്റൊരു ജനവിഭാഗത്തിന്റെ താൽപ്പര്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന നേതാക്കൻമാരായി മാറി. രക്തബന്ധത്തിന്റെ അടിസ്ഥാനത്തിലുള്ള സാമൂഹ്യവിഭജനങ്ങളുടെ സ്ഥാനത്ത് നിശ്ചിതാതിർത്തികളോടുകൂടിയ ഭൂപ്രദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള പുതിയ വിഭജനങ്ങളാവിർഭവിച്ചു. തലവൻമാരുടെ സഭകളും സമിതികളും കൂടിയാലോചനകളും മറ്റും പിന്നേയും തുടർന്നുപോന്നു. പക്ഷേ, അവർ ഗോത്രങ്ങളിലേയും തറവാടുകളിലേയും മുഴുവൻ മെമ്പർമാരുടേയും പ്രതിനിധികളെന്നനിലയ്ക്കല്ല പ്രത്യേക ഭൂവിഭാഗങ്ങളുടെ പ്രതിനിധികളെന്ന നിലയ്ക്കാണ് കൂടിയാലോചനകൾ നടത്തുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തുപോന്നത്. ഈ പരിതഃസ്ഥിതിയിൽ രാജാക്കൻമാരുടെ അധികാരം പരിമിതമായിരുന്നു. യുദ്ധങ്ങൾ നടത്തുക, പ്രേമബന്ധങ്ങളിലേർപ്പെടുകയും സുഖഭോഗങ്ങളിൽ ലയിക്കുകയും ചെയ്യുക, മൃഗങ്ങളെ വേട്ടയാടുക, സ്വന്തം വീരപരാക്രമങ്ങളെ പാടിപ്പുകഴ്ത്താൻവേണ്ടി കവികളേയും പാട്ടുകാരേയും തീറ്റിപ്പോറ്റുക മുതലായ കാര്യങ്ങൾ ശ്രദ്ധിക്കുവാൻ രാജാക്കൻമാർക്ക് ധാരാളം സമയം കിട്ടി.

സൈന്യങ്ങൾക്കും മറ്റു ഭരണാധികാരസ്ഥാപനങ്ങൾക്കും വേണ്ടിവരുന്ന ചിലവുകൾ നികത്താൻ പണം വേണമല്ലോ. പ്രാചീനരാജാക്കൻമാർക്ക് പ്രധാനമായും മൂന്നു വരവിനങ്ങളാണുണ്ടായിരുന്നത്. 1. ജനങ്ങളിൽ നിന്ന് വസൂലാക്കുന്ന നികുതി. 2. വണിക്കുകളിൽ വസൂലാക്കപ്പെടുന്ന ചുങ്കം. 3. കുലത്തലവൻമാരിൽ നിന്നും ചിറ്ററചൻമാരിൽ നിന്നും ലഭിക്കുന്ന തിറ അല്ലെങ്കിൽ തിരുമുതൽക്കാഴ്ച. ഉഴവർ കൃഷിചെയ്തുണ്ടാക്കുന്ന ധാന്യങ്ങളുടെ ഒരു ഭാഗം മിക്കപ്പോഴും—ആറിലൊരു ഭാഗം രാജാവിന് കൊടുക്കണമെന്നായിരുന്നു വ്യവസ്ഥ. സന്തോഷത്തോടുകൂടി രാജാവിന്റെ അടുത്തുപോയി നികുതിയടയ്ക്കാൻ ജനങ്ങൾക്ക് തോന്നത്തക്ക ഒരു സാഹചര്യം സൃഷ്ടിക്കണമെന്നും നിർബന്ധിച്ച് കൂടുതൽ നികുതി വസൂലാക്കിയാൽ അത് ജനങ്ങൾക്കും രാജാവിനും ഒരുപോലെ ദ്രോഹകരമായിത്തീരുമെന്നും സംഘംകൃതികളിലെ ഒരു കവി ഉപദേശിക്കുന്നു.

വണികർ കൂട്ടംകൂട്ടമായിട്ടാണ് കച്ചവടത്തിന് പോയിരുന്നത്. പോകുന്നവഴികളിൽ ചുങ്കച്ചാവടികളുണ്ടായിരുന്നു. കൈമാറ്റത്തിനു കൊണ്ടുപോകുന്ന ചരക്കുകളുടെ അളവനുസരിച്ചാണ് ചുങ്കം ചുമത്തപ്പെട്ടത്. [9]

കുലത്തലവൻമാരും ചിറ്ററചൻമാരും മൂവരചർക്കു നൽകിയിരുന്ന തിറകൾ പണത്തിന്റെ രൂപത്തിലായിരുന്നില്ല. പലപ്പോഴും അത് സാധനങ്ങളോ മറ്റു പ്രകൃതിവിഭവങ്ങളോ ആയിരിക്കും. ചേരൻ ചെങ്കുട്ടുവൻ ഒരിയ്ക്കൽ പർവ്വതപ്രദേശത്തുപോയപ്പോൾ കുറവൻമാർ അദ്ദേഹത്തിന് ആനക്കൊമ്പും തേൻകുടങ്ങളും മറ്റും കാണിക്കവെച്ചതായി ചിലപ്പതികാരത്തിൽ പ്രസ്താവിക്കുന്നുണ്ട്.

ഈ മൂന്നുവരവിനങ്ങൾക്കു പുറമേ യുദ്ധംചെയ്തു കീഴടക്കിയ രാജ്യങ്ങളിൽ നിന്ന് കൊള്ളയടിച്ചുകൊണ്ടുവരുന്ന സ്വത്തുക്കളുമുണ്ടായിരുന്നു. ഇങ്ങനെ വിഭിന്നമാർഗങ്ങളിലൂടെ വന്നുചേർന്ന സ്വത്തുക്കളായിരുന്നു രാജവാഴ്ചയുടെ അന്തസ്സിന്റെയും പ്രതാപത്തിന്റെയും അടിസ്ഥാനം.

എന്നാൽ, രാജാക്കൻമാർ സുഖഭോഗങ്ങളിലും യുദ്ധങ്ങളിലും മാത്രമേ എല്ലായ്പ്പോഴും ശ്രദ്ധിച്ചിരുന്നുള്ളു എന്നു ധരിക്കരുത്. അവരുടെ സ്വന്തം നിലനിൽപ്പിനുതന്നെ രാജ്യത്തിന്റെ സ്വത്തുക്കൾ വർദ്ധിക്കേണ്ടതാവശ്യമായിരുന്നു. ഉൽപ്പാദനശക്തികൾ വളരുകയും വാണിജ്യബന്ധങ്ങൾ കൂടുതൽ വികസിക്കുകയും ചെയ്തപ്പോൾ തുറമുഖങ്ങൾ നിർമ്മിക്കുക, ജലസേചനപദ്ധതികളും അണക്കെട്ടുകളും റോഡുകളും പണിയുക മുതലായ പ്രവർത്തനങ്ങൾ ആവശ്യമായിത്തീർന്നു. ഇത്തരം പ്രവർത്തനങ്ങളെപ്പറ്റി പല പ്രസ്താവനകളും സംഘംകൃതികളിൽ കാണാം. ഉദാഹരണത്തിന് 'കാടുകൊൻറു നാടാക്കി കുളംതൊട്ടു വളംപെരുക്കി'യ [10] കരികാലനെ പട്ടിനപ്പാലൈയിലെ ഒരു പാട്ടിൽ സ്തുതിക്കുന്നത് നോക്കുക. രാജാവിന് ജനങ്ങളുടെയിടയിലുള്ള സ്വാധീനശക്തി വർദ്ധിപ്പിക്കാൻ ഇതെല്ലാം സഹായകരമായിത്തീർന്നു. രാജാവ് ജനങ്ങളെ ആശ്രയിച്ചല്ല, ജനങ്ങൾ രാജാവിനെ ആശ്രയിച്ചാണ് നിലനിൽക്കുന്നത് എന്ന ബോധം പരന്നുപിടിച്ചു. അരചനില്ലാത്ത നാട് ഉയിരില്ലാത്ത ശരീരംപോലെയാണെന്ന് പുറനാനൂറിലെ ഒരു കവി പാടുകയുണ്ടായി.

> 'നെല്ലും ഉയിരിൻറേ; നീരും ഉയിരിൻറേ
> മന്നൻ ഉയിർത്തേ മലർ തുലൈയുലകം.' [11]

സാരം: (നെല്ലല്ല ജനങ്ങളുടെ ജീവൻ നിലനിർത്തുന്നത്,
വെള്ളവുമല്ല. രാജാവാണ് അവരുടെ ജീവൻ.)

---

8. അകം 36, 244 മറ്റും മറ്റും.
9. ലെ.പ.കരു രാമനാഥൻ ചെട്ടിയാർ: ചങ്കകാല തമിഴർ വാഴ്വ്. പേ. 50
10. പട്ടിനപ്പാലൈ, 283—284.
11. പുറനാനൂറ്. 186

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 8

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. കേരളചരിത്രത്തിന്റെ തുടക്കം
2. കേരളത്തിലെ ശിലായുഗ മനുഷ്യർ
3. മഹാശിലാസംസ്കാരം
4. ഗോത്രസമുദായങ്ങൾ
5. സംഘംകൃതികൾ
6. ഗോത്രഭരണത്തിൽ നിന്ന് രാജവാഴ്ചയിലേക്ക്
7. മൂവരചരും ചിറ്ററചരും
8. സംഘംകൃതികളിലെ ചേരരാജാക്കൻമാർ
9. തൊഴിലും ജാതിയും
10. പ്രാചീനകേരളത്തിലെ കുടുംബബന്ധങ്ങൾ
11. സംഘംകൃതികളിലെ സാമൂഹ്യജീവിതം
12. മതവും ദൈവവും
13. പ്രാചീനകേരളത്തിലെ വ്യാപാരബന്ധങ്ങൾ
14. മലയാള ഭാഷയുടെ ഉത്ഭവം
15. ഫ്യൂഡലിസത്തിലേക്ക്
16. ചരിത്രപരമായ ഒരവലോകനം
17. സ്വാതന്ത്ര്യസമരത്തിന്റെ ആരംഭം
18. ബ്രിട്ടിഷ്ഭരണത്തിന്റെ അനിവാര്യഫലങ്ങൾ
19. കാൺഗ്രസ്സിന്റെ ഉത്ഭവവും വളർച്ചയും
20. മലബാർ ലഹള
21. നിസ്സഹകരണത്തിൽനിന്ന് നിയമലംഘനത്തിലേയ്ക്ക്
22. നിയമലംഘനപ്രസ്ഥാനം
23. ഗുരുവായൂർ സത്യാഗ്രഹം
24. വീണ്ടും നിയമലംഘനം
25. സ്വാതന്ത്ര്യസമരം പുതിയ ഘട്ടത്തിൽ
26. രണ്ടാം ലോകമഹായുദ്ധം
27. ആഗസ്റ്റ് സമരം
28. സ്വാതന്ത്ര്യത്തിലേയ്ക്ക്
29. ഐക്യകേരളം


### വെബ് പതിപ്പ കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014